# മന്ത്രിസഭാ തീരുമാനങ്ങൾ

## (07.10.2009)

- തട്ടേക്കാട് ദുരന്തം സംബന്ധിച്ച് ജസ്റ്റിസ് പരീത് പിള്ള കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ ഏകീകൃത ജലഗതാഗത നിയമവും ചട്ടവും അടിയന്തിരമായി പ്രാവർത്തികമാക്കാൻ തീരുമാനിച്ചു. പരീത് പിള്ള കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജലഗതാഗത ചട്ടം രൂപീകരിക്കുവാൻ നിയോഗിച്ച ആർ.എം. നായർ റിപ്പോർട്ട് നൽകിയത് കഴിഞ്ഞ മാസമാണ്. ടൂറിസം സർവീസ് നടത്തുന്ന എല്ലാ ബോട്ടുകളിലും സുരക്ഷിതത്വത്തിനുവേണ്ടി ശുപാർശ ചെയ്യപ്പെട്ട നടപടി ക്രമങ്ങൾ കർശനമായി നടപ്പിലാക്കുവാൻ തീരുമാനിച്ചു. തേക്കടി ദുരന്തം സംബന്ധിച്ച് ക്രൈം ബ്രാഞ്ചിന്റെയും കളക്ടറിന്റേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുവാനും തീരുമാനമെടുത്തു.
- ഹോസ്ദുർഗ് വില്ലേജിൽ പനയാൽ താലൂക്കിൽ 75 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ബേക്കൽ റിസോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷന് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 30 വർഷത്തേക്ക് പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചു.
- വർക്കലയിൽ ദളിത് ഹ്യൂമൻ റൈറ്റ്സ് മൂവ്മെന്റ് എന്ന പേരിൽ പ്രവർത്തിക്കുന്ന തീവ്രവാദികൾ കൊലചെയ്ത ശിവപ്രസാദിന്റെ കുടുംബത്തിന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന അശോകന് ഒരു ലക്ഷം രൂപയും പരിക്കേറ്റ സാബുവിന് അമ്പതിനായിരം രൂപയും നൽകുവാൻ തീരുമാനിച്ചു. വർക്കല സംഭവത്തെ സംബന്ധിച്ച് പോലീസ് ഊർജ്ജിത അന്വേഷണം നടത്തി വരികയാണ്. ഇത്തരം തീവ്രവാദികളെ ഒറ്റപ്പെടുത്താൻ പൊതുസമൂഹം ഒറ്റക്കെട്ടായി അണിനിരക്കണമെന്നും അഭ്യർത്ഥിക്കുന്നു.
- ക്ലാസ് 1 ക്ലാസ് 2 വിഭാഗത്തിൽപ്പെടുന്ന 30 വിഭാഗം തസ്തികയിൽ വികലാംഗർക്ക് നിയമനം നൽകാവുന്നതാണെന്നും തീരുമാനിച്ചു.
- പ്രശസ്ത നാടക-ചലച്ചിത്ര നടി ശാന്താദേവിക്ക് ഒരു ലക്ഷം രൂപ ചികിത്സാ സഹായമായി നൽകാൻ തീരുമാനിച്ചു.
- വയനാട് ജില്ലാ കളക്ടറായി ശ്രീ. പി. ജയ തിലക് ഐ.എ.എസ്സിനെ നിയമിക്കുവാൻ തീരുമാനിച്ചു.
- പ്രമുഖ ദേശീയ ചാനലായ സി.എൻ.എൻ. ഐ.ബി.എൻ. രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാനമായി കേരളത്തെ തിരഞ്ഞെടുത്തതായി അറിയിച്ചിട്ടുണ്ട്. പരിസ്ഥിതി, ആരോഗ്യ പരിപാലനം, അടിസ്ഥാന സൗകര്യവികസനം എന്നിവയിൽ നമുക്കാണ് അവാർഡ്. അവാർഡ് ഏറ്റുവാങ്ങുവാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ദിവാകരനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

******